# കാൽപ്പാടുകൾ (നോവൽ)

കാരൂർ സോമൻ



അധ്യായം: 18

## വെയിൽപക്ഷികൾ

**അ**വൾക്ക് എന്തു ചെയ്യണമെന്നറിയില്ലായിരുന്നു. കോറി ഡോറിന്റെ മറ്റേ അറ്റത്തുനിന്നും ഗ്രേസി തനിക്കുനേരെ നടന്നടുക്കുന്നു. എന്താണവരുടെ ഉദ്ദേശമെന്നറിയില്ല. നല്ല ഉദ്ദേശമാകാനുള്ള വഴികളൊന്നുമില്ല. താൻ പ്രഗ്നന്റാണെന്ന വിവരം അറിഞ്ഞുകാണും. അതുതന്നെയാവണം ഈ വരവിനു പിന്നിൽ. പക്ഷേ, താൻ ജോലി ചെയ്യുന്നത് ഇവിടെയാണെന്ന് ഇവരെങ്ങനെ തപ്പിപ്പിടിച്ചു. കാരുണ്യത്തിന്റെ ഒരു കണികപോലുമില്ലാതെ, തന്നെ വീട്ടിൽനിന്നു പുറത്താക്കിയത്. ആദ്യമായി നഗരംകണ്ട കുട്ടിയെപ്പോലെ പകച്ച് പരിചിതമല്ലാത്ത ഒരു ലോകത്തേക്കിറങ്ങേണ്ടിവന്നു. പരാതികളൊന്നുമില്ലായിരുന്നു. ഇപ്പോ ഇവരുടെ ഔദാര്യത്തിലല്ല കഴിയുന്നത്. അവരുടെ ലഹരി നിറഞ്ഞ ജീവിതത്തിലേക്ക് ശല്യമായി കടന്നുചെല്ലുന്നുമില്ല. ഇനിയുമെന്തിനാണ് ഇവർ തന്നെ വേട്ടയാടുന്നത്. ആനിയുടെ മുഖം ചുവന്നു. കോറിഡോറിലൂടെ കടന്നുപോകുന്നവരൊക്കെ തന്നെയേയും ഗ്രേസിയേയും ശ്രദ്ധിക്കുന്നുണ്ടെന്നവൾക്കു തോന്നി.

ഇവർ മനസു മാറിയെത്തിയതാണോ എന്നും ആനി ചിന്തിക്കാതിരുന്നില്ല. സ്വന്തം പേരക്കിടാവിനെ ഓമനിക്കാൻ ഏതു മുത്തശിയാണ് ആഗ്രഹിക്കാത്തത്. ഒരു പക്ഷേ, തന്റെ വയറ്റിൽ പിറക്കാൻ പോകുന്ന കുഞ്ഞായിരിക്കും സ്നേഹത്തിന്റെ പുതുയുഗ ജനാലകൾ തുറന്നിടുക. ഗ്രേസി ഇത്രയുംദൂരം കാറോടിച്ചു വന്നതും ഇതിനാകും. അവർ വീട്ടിലേക്കു തിരിച്ചുവിളിച്ചാൽ പോകേണ്ടിവരുമോ?

ഗ്രേസി ഊന്നുവടിയൂന്നി നടന്ന് അവൾക്കരികിലെത്തി. ഗ്രേസിയുടെ കണ്ണുകൾ ആനിയുടെ ശരീരത്തെ കാർന്നുതിന്നു. ഗ്രേസിയുടെ നോട്ടം നേരിടാനാവാതെ ആനി മിഴിമാറ്റി.

നിശബ്ദത ശൈത്യത്തിന്റെ മഞ്ഞുകൂടാരം പോലെ അവരെ ചുഴ്ന്നുനിന്നു. അതിനെ ഭേദിക്കുന്ന ഹൃദയമിടിപ്പുകൾ പോലെ ഗ്രേസിയുടെ വടി ഇടയ്ക്കിടെ താഴത്തെ കണ്ണാടിത്തറയിൽ തട്ടി ശബ്ദമുണ്ടാക്കി.

ആനിയുടെ അമ്പരപ്പ് നിശബ്ദതമുറിച്ചു.

'മ....മ്മീ...ഇ...വിടെ?'

'അതെ നിന്നെകാണാനാ വന്നെ.'

ഗ്രേസിയുടെ ഏകാന്തമായ മറുപടി. ആനിക്ക് അത്ഭുതം തോന്നി. താൻ വിചാരിച്ചതുപോലെയാണോ ശരിക്കും ഇവരുട മനസ് മാറിയോ. പുറത്തേക്ക് വലിച്ചെറിഞ്ഞ കൈകൾ തിരിച്ചുവിളിക്കാൻ നീട്ടുകയാണോ. ലഹരിയുടെ മുഖംമൂടികൾ കുറ്റബോധത്തിന്റെ നഖങ്ങളാൽ കീറിപ്പോയിരിക്കണം.

ആനിയുടെ പ്രതീക്ഷയുടെ കഴുത്തു ഞെരിച്ചുകൊണ്ട് ഗ്രേസി വീണ്ടും ആക്രോശിച്ചു.

'നീ എന്താടി കരുതിയത്. നിനക്കൊരു കുഞ്ഞുണ്ടാകുമെന്നു കേട്ടാലുടനെ ഞാൻ നിന്നെ രണ്ടു കൈയും നീട്ടി നിറപറയും നിലവിളക്കുംവച്ച് സ്വീകരിക്കുമെന്നോ.'

തീവെട്ടിയിൽനിന്ന് ഒരു തീത്തുള്ളി പാറിവീണതുപോലെ അവൾക്കു പൊള്ളി. ആശകളുടെ ഒരു നിലത്തെഴുത്ത് തിരയെടുത്തുപോയി. ഇവരുടെ കുടിലത ഇനിയും മനസിലാക്കാത്ത താനാണു വിഡ്ഢിയെന്നു ആനിക്കു തോന്നി. കടലാസു പൂക്കളിൽ പനിനീർ ഗന്ധമുണ്ടാകില്ലെന്നറിയാമെങ്കിലും വെറുതെ ആശിച്ചതാണ്. ആശിക്കാൻ വേണ്ടി മാത്രം. പക്ഷെ ഇവരുടെ വൃത്തികേടുകളിൽ കെട്ടിപ്പൊക്കിയ ഇവരുടെ ധാർഷ്ട്യത്തിന് മുൻപിൽ തലകുനിക്കാനില്ലെന്ന് നേരത്തെ തീരുമാനിച്ചതാണ്. വാൾ മുനകൾക്ക് എന്നുമൊരാളെ ഭീഷണിയിൽ നിർത്താനാവില്ലല്ലോ.

'മമ്മി കരുതുംപോലെ ഞാൻ ഇതുവരെ വിചാരിച്ചിട്ടില്ല.'

ആനിയുടെ സ്വരത്തിൻ കടുപ്പമേറിയിരുന്നു. ഗ്രേസി അവളെ തുറിച്ചുനോക്കി.

'ആ അതാ നല്ലത്. ഞാൻ വന്നത് ഒരുകാര്യമറിയാനാ.'

ആനി ഗ്രേസിയുടെ കണ്ണുകളിലേക്കുറ്റുനോക്കി.

'നിന്റെ വയറ്റിൽ വളരുന്ന കൊച്ചിന്റെ അപ്പൻ ജസ്റ്റിനാണോ?'

വാക്കുകൾ വാൾത്തല മൂർച്ചയോടെ ആനിയുടെ ഹൃദയം കടന്നുപോയി. ഹൃദയത്തിന്റെ ചോരവീണ് മനസുകലങ്ങി. കണ്ണുകളിൽ ആർദ്രതയുടെ രണ്ടു ബിന്ദുക്കൾ ഉറവയെടുത്തു. അവൾക്ക് ഗ്രേസിയുടെ മുഖത്തേക്ക് കാർക്കിച്ചുതുപ്പാനാണു തോന്നിയത്. സ്വന്തം മകന്റെ ഭാര്യയുടെ ചാരിത്ര്യത്തെ വാക്കുകൾകൊണ്ട് തല്ലിത്തകർക്കുന്ന അമ്മ. നിന്ദയും പരിഹാസവും കലർന്ന ഗ്രേസിയുടെ ചോദ്യത്തോട് എങ്ങനെ പ്രതികരിക്കണമെന്ന് ആനിക്കറിയില്ലായിരുന്നു. അല്ലെങ്കിൽതന്നെ സ്ത്രീയുടെ ചാരിത്ര്യത്തിനും കുടുംബബന്ധങ്ങളുടെ സ്നേഹതീവ്രതയ്ക്കും വില കൊടുക്കാത്ത ഇവരോട് എന്തുപറയാനാണ്. ഭർത്താവിനെ നോക്കുകുത്തിയാക്കി വീഞ്ഞിന്റെ ലഹരിയിൽ, മറ്റുപുരുഷന്മാരോടൊപ്പം കിടപ്പറയിൽ രതിനൃത്തമാടുന്നവർക്ക് ചാരിത്ര്യത്തെ വാക്കുകളുടെ തീക്കൊള്ളികൊണ്ട് കുത്തിരസിക്കാമല്ലോ.

ആനിക്ക് ഗ്രേസിയോട് അറപ്പുതോന്നി. സ്വന്തം മകന്റെ അച്ഛനെ തിരിച്ചറിയാനാകാത്ത ഒരു തേവിടിശിയുടെ മോഹഭംഗമാണ് തനിക്കുനേരെ ജ്വലിച്ചതെന്നുവരെ ആനിയുടെ മനസിലൂടെ കടന്നുപോയ ചിന്തകളിലെഴുതിയി

രുന്നു.

ഇതിനൊക്കെ ഇതേ നാണയത്തിൽ തന്നെയാണ് പ്രതികരിക്കേണ്ടത്. അറിയാഞ്ഞിട്ടല്ല. പക്ഷേ, മറ്റുള്ളവരെ കുത്തിനോവിക്കുന്ന സന്തോഷമെന്തിനാണ്. സ്വന്തം മകന്റെ ഭാര്യയെ തെരുവു വേശ്യയെപ്പോലെ കാണുന്ന മറ്റൊരമ്മയും ഈ ലോകത്തുണ്ടാവില്ലെന്ന് പറയണമെന്നുണ്ടായിരുന്നു ആനിക്ക്. പാവം പപ്പയില്ലായിരുന്നെങ്കിൽ ഇവരുടെ സ്ഥിതി എന്താകുമായിരുന്നു. ജസ്റ്റിനെ സ്വന്തം മകനെന്നപോലെയാണ് പപ്പ വേഷംകെട്ടി ആടുന്നത്. ഗ്രേസിയുടെ മാന്യതയ്ക്കു കളങ്കം വരുത്താതെ മഴയിലൊരു കുടപോലെ പപ്പ അഭിനയിക്കുന്നു. നിങ്ങളുടെ മകന്റെ അച്ഛനെതിരായ് എന്താണിവരോട് പറയേണ്ടത്. പക്ഷേ അമ്മയുടെ സ്ഥാനത്തു കണ്ടുപോയി.

സ്നേഹത്തിന്റെ തൂവൽച്ചിറകുകൾ അരിഞ്ഞുവീഴ്ത്തി കാമദാഹമടക്കുന്ന സംസ്കാരത്തിന്റെ വൃത്തികെട്ട കണ്ണിയിൽപെടുന്നവരാണിവരും. മനുഷ്യത്വത്തിന്റെ നേരറിവുകൾ എന്നുമിവരുടെ കൈയെത്താ ദൂരത്തുതന്നെ.

എന്താണു മറുപടി പറയേണ്ടതെന്ന ആലോചനയിലായിരുന്നു ആനി.

താനെന്തിനിവരുടെ ജീർണമായ മനസിനെ ശസ്ത്രക്രിയാടേബിളിൽ കിടത്തി കീറിമുറിക്കുന്നു. എത്രതുന്നിയാലും അതിന്റെ ദുർഗന്ധം പിന്നെയും ശ്വാസം മുട്ടിക്കുകയേ ഉള്ളൂ. അവരുടെ ചോദ്യത്തിനു മറുപടി കൊടുക്കേണ്ട കാര്യം പോലുമില്ല. ആ ചോദ്യം ജസ്റ്റിനായിരുന്നു ചോദിച്ചതെങ്കിൽ താൻ മറുപടി കൊടുത്തേനെ. അതിന്റെ രീതിയിൽതന്നെ. മറുപടി ആവശ്യപ്പെടാൻ ഇവർക്കെന്തർഹതയാണുള്ളത്.

അവളുടെ ചിന്തകൾക്കുമീതേ ഗ്രേസിയുടെ വാക്കുകൾ മുഴങ്ങി.

'നീയെന്താ ഇത്ര ആലോചിക്കുന്നേ. ചോദിച്ചതു കേട്ടില്ലേ.'

ആനി അവരെ കടുപ്പിച്ചു നോക്കി.

'കേട്ടു. ഈ കുഞ്ഞിന്റെ അച്ഛൻ ജസ്റ്റിനല്ല.'

ആനിയുടെ സ്വരം വല്ലാതെ കനത്തിരുന്നു. ഗ്രേസിയുടെ മുഖത്തുനിന്നു രക്തംവാർന്നുപോയി. അങ്ങനൊരു മറുപടി ആനിയിൽനിന്നവർ പ്രതീക്ഷിച്ചിരുന്നില്ല. മുഖത്തെ അമ്പരപ്പ് മറയ്ക്കാനാകാതെ ഗ്രേസി അവളെ നോക്കി നിന്നു.

ആനിയുടെ വാക്കുകളിൽ പുരണ്ട വേദനയുടെ നനവ് ഗ്രേസിയുടെ മനസിന്റെ കൈയെത്താ ദൂരത്തായിരുന്നു.

ആംബുലൻസിന്റെ അപായ സൈറണിൽ ഗ്രേസി തിരിച്ചുവന്നു. കാലിൽ പ്ലാസ്റ്ററിട്ട ഒരാളുമായി വീൽചെയറുന്തി നഴ്സ് അവരെ കടന്നുപോയി.

'ഒരുകാര്യംകൂടി നിന്നോടു ചോദിക്കാനുണ്ട്.' ഗ്രേസിയുടെ വിരൽ അവളുടെ മുഖത്തിനു നേർക്കുയർന്നു.

'എന്റെ ബ്രദറിന്റെ വീട്ടിൽ താമസിക്കാൻ നിനക്കെന്തവകാശമാ ഉള്ളത്.'

ആനി കനത്തസ്വരത്തിൽ തന്നെ മറുപടി പറഞ്ഞു.

'അവകാശങ്ങളൊന്നുമില്ല.'

'എന്നെ ഈ നാട്ടിലേക്കു കൈപിടിച്ചു കൂട്ടിക്കൊണ്ടുവന്നവർ ഇടയ്ക്കുപേക്ഷിച്ചു. പോകാനൊരിടമില്ലാതെ അന്തിയുറങ്ങാനിടമില്ലാതെ നിന്നപ്പോൾ ഡാനിയങ്കിൾ താമസിക്കാൻ ഇടംതന്നു. മുൻപു കണ്ടവരെപ്പോലെയല്ല നല്ല മനുഷ്യരാണ്. പപ്പയാണവിടെ എന്നെ കൊണ്ടുപോയത്.' ആനിയുടെ വാക്കുകൾകേട്ട് തരിച്ചുനിൽക്കുകയായിരുന്ന ഗ്രേസിക്ക് പെട്ടെന്നു മറുപടിപറയാനായില്ല.

'ഒരു പപ്പാ... നാണംകെട്ടവൻ. നീ എത്രയുംവേഗം അവിടുന്ന് മാറി പൊറുത്തോണം.' ഒരുവിധത്തിൽ ഗ്രേസി പറഞ്ഞൊപ്പിച്ചു വെട്ടിത്തിരിഞ്ഞു നടന്നു.

മെതിയടി ശബ്ദംപോലെ വടിയുടെ ശബ്ദം കോറിഡോറിൽ പ്രതിധ്വനിച്ചു.

മിഴിനിറഞ്ഞൊഴുകിയ ശില്പംപോലെ ആനി നിന്നു. ഗ്രേസി പുലമ്പിയ ഓരോ വാക്കുകളും തീക്കൊള്ളിപോലെ പുകയുന്നു. ഇരയെകൊന്ന് തിന്ന് വിശപ്പടക്കിയപോലെയാണ് ഗ്രേസി നടന്നു പോയതെന്ന് ആനിക്കുതോന്നി.

ബസ് സ്റ്റോപ്പിലെത്തിയപ്പോൾ ഗ്രേസിയുടെ മെർഡസ് പാഞ്ഞുപോകുന്നത് അവൾ കണ്ടു. അധികം കാത്തുനിൽക്കേണ്ടിവന്നില്ല വെട്ടിത്തിളങ്ങുന്ന ചുവപ്പുനിറത്തിലുള്ള ഒരു ഇരുനില മണിമാളിക ചക്രങ്ങളിൽ മുന്നിൽവന്നുനിന്നു. ഡ്രൈവറിനടുത്തുള്ള വാതിലിലൂടെ പരസ്പരം ചുംബിച്ചുനിന്ന രണ്ടു യുവമിഥുനങ്ങൾ ബസിൽ കയറി. തൊട്ടുപുറകെ അവളും.

രണ്ടോ മൂന്നോ മിനിറ്റ് നിന്നാൽ നഗരത്തിന്റെ ഏതു മൂലയിലുമെത്താൻ ബസു കിട്ടും. ഡ്രൈവറുടെ പുറകിൽതന്നെ ഒരു സീറ്റുകിട്ടി. അതിനു തൊട്ടടുത്തുള്ള സീറ്റിൽ ശരീരംനിറയെ നീണ്ട രോമങ്ങളുള്ള ഒരു പൂച്ചയിരിക്കുന്നുണ്ടായിരുന്നു. കുട്ടികളെപ്പോലെ ചില മൃഗങ്ങൾക്കും ബസ് യാത്ര ഫ്രീയാണിവിടെ. ബസിന്റെ മുൻഭാഗത്ത് കിളിക്കൂടുപോലൊരു ക്യാബിനിലാണ് ഡ്രൈവറിരിക്കുന്നത്. ടിക്കറ്റിനു പണം വാങ്ങുന്നതും ഡ്രൈവർതന്നെ. ഡ്രൈവറുടെ അടുത്തുള്ള ടിക്കറ്റ് മെഷീൻ ടിക്കറ്റുതരും. സർവാധികാരിയായി ഡ്രൈവർ മാത്രമേ ബസിലുള്ളൂ. പുറത്ത് ഇളംവെയിലിന്റെ മഞ്ഞപ്പ്. മഴയ്ക്കുശേഷമുള്ള തൂവാനത്തിന്റെ ചിരി പോലെ.

ബസ് ഒരു സ്റ്റേഷനിൽ നിന്നു. വാതിൽ തനിയെ തുറന്നു. കുറച്ചുപേർ ബസിൽനിന്നുമിറങ്ങി. ബസിൽ കയറാൻ ക്യൂവായാണ് ആളുകൾ നിൽക്കുന്നത്. ആർക്കും തിരക്കുണ്ടാക്കി കയറാൻ പറ്റില്ല. എല്ലാ സ്റ്റേഷനുകളിലും സ്റ്റോപ്പുണ്ട്. ആർക്കും ഇടയ്ക്കുവച്ച് ഇറങ്ങാനാവില്ല. തടിച്ചുകൊഴുത്ത മാംസം ദേഹത്തു തൂങ്ങിയ ഒരു മദാമ്മ കുതിരമുഖമുള്ള ലെസി നായയ്ക്കൊപ്പം ബസിൽ കയറി. ആനിയുടെ അടുത്തുതന്നെ അവർ ഇരിപ്പിടം സ്വന്തമാക്കി.

ബസിന്റെ വിൻഡോഗ്ലാസിലെ മഞ്ഞ് വെയിലിലലിഞ്ഞില്ലാതായി. ആനി ഗ്രേസിയുടെ വാക്കുകൾ തൊടുത്തുവിട്ട

ഞെട്ടലിലായിരുന്നു. ഗ്രേസിയുടെ വാക്കുകൾ അവളുടെ കാതിൽ തിരമാലകൾപോലെ ഒടുങ്ങാതെ പ്രതിധ്വനിച്ചു. വിശന്നിരിക്കുന്നവൻ പലഹാരങ്ങൾ സ്വപ്നംകണ്ട് ഞെട്ടിയെഴുന്നേല്ക്കുന്നതുപോലെയായിരുന്നു ഗ്രേസിയുടെ വരവിൽ തന്റെ മനസെന്ന് ആനിക്കുതോന്നി. സീറ്റിലേക്കു ചാഞ്ഞിരുന്ന് അവൾ കണ്ണുകളടച്ചു. തന്റെ വയറ്റിൽ വളരുന്ന കുഞ്ഞിന്റെ അച്ഛൻ ജസ്റ്റിനല്ലെന്നു കേട്ട് മമ്മി അമ്പരന്നിട്ടുണ്ടാവും. തന്റെ നാവിൽനിന്ന് അങ്ങനെയൊരു മറുപടി അവർ ഒരിക്കലും പ്രതീക്ഷിച്ചിട്ടുണ്ടാവില്ല. പക്ഷേ ഒരുചോദ്യം തന്നെ തുറിച്ചു നോക്കുന്നുണ്ട്. എത്രനാൾ... എത്രനാൾ ഈ കുഞ്ഞിന്റെ പിതൃത്വം താൻ ഗ്രേസിയിൽനിന്നു മറച്ചുവെയ്ക്കും. അപമാനിച്ചു വിട്ടതുകൊണ്ട് അവർക്കിനി വാശികൂടുകയേയുള്ളൂ. ഇന്നു മനസിൽ കുഴിച്ചുമൂടിയവയെ നാളെ കാലം പുറത്തെടുക്കുമ്പോൾ ഉണ്ടാകുന്ന പൊട്ടിത്തെറികൾ. അത് പ്രവചനങ്ങൾക്കപ്പുറത്താണ്. പക്ഷേ മറ്റൊന്നുണ്ട്. സത്യം താനെത്ര ഉച്ചത്തിൽ വിളിച്ചുപറഞ്ഞാലും ആ അമ്മയുടെ മകൻ തന്റെ കുഞ്ഞിന്റെ പിതൃത്വം ഏറ്റെടുക്കില്ല. തന്റെ വയറ്റിൽ വളരുന്ന കുഞ്ഞ് നാളെ ചോദിച്ചാൽ കാട്ടിക്കൊടുക്കാം. ഇതാണ് നിന്റെ ചതിയനായ അച്ഛനെന്നുപറയാം.

ബസ് ഒരു സ്റ്റോപ്പിൽ നിന്നു. അടുത്തിരുന്ന മദാമ്മ ഇറങ്ങിപ്പോയി. അവർക്ക് മിൽക്കി സോപ്പിന്റെ മണമായിരുന്നു. മനംപുരട്ടുന്ന ആ ഗന്ധം വിട്ടൊഴിഞ്ഞതിൽ ആനിക്ക് ആശ്വാസം തോന്നി. തനിക്കു ശരിക്കും ഛർദിക്കാൻ വരുന്നുണ്ടായിരുന്നു. ബസ് നീങ്ങിത്തുടങ്ങി. വേഗതകുറച്ചാണ് ഇവിടെ ബസുകൾ ഓടുന്നത്. പെട്ടെന്നെത്താൻവേണ്ടി ഭൂമിക്കടിയിലൂടെ കുതിച്ചുപായുന്ന ട്രെയിനുകളുമുണ്ട്.

ആനി തന്റെ നിറഞ്ഞുവന്ന കണ്ണുകൾ തുടച്ചു. കണ്ണീരിന്റെ ഭാരം അവളുടെ കണ്ണുകളെ വല്ലാതെ കനം വയ്പ്പിച്ചിരുന്നു. വേദനകളുടെ മണൽ ഘടികാരങ്ങളിലെ നിമിഷങ്ങൾ അവളുടെ ജീവിതത്തിൽ കമിഴ്ന്നും മലർന്നും വീണു. ഓർമയുടെ അയവെട്ടലിൽ വേദനയുടെ കവർപ്പു ചുവകൾ മാത്രം.

നമ്മുടെ കുഞ്ഞ് എന്നു സ്നേഹപൂർവം ഈ സമയത്ത് തന്നെ പരിചരിക്കുന്ന ഒരു ഭർത്താവുണ്ടായിരുന്നു കൗമാര സങ്കല്പങ്ങളിൽ. ജീവിതത്തിന്റെ വെളിച്ചമണഞ്ഞ ഇടനാഴികളിൽ കൗമാരസ്വപ്നങ്ങളുടെ കാല്പനികതകൾ ഇല്ല. യാഥാർഥ്യത്തിന്റെ പച്ചയായ മുഖം മാത്രം.

പക്ഷേ, തന്റെ കൂടപ്പിറപ്പിനൊപ്പം താമസിക്കാൻ നിനക്കെന്തവകാശം എന്ന ചോദ്യത്തിനു മറുപടി നൽകാൻ തനിക്കായില്ല. തനിക്കവരുമായി എന്തു ബന്ധമാണുള്ളത്. സ്നേഹത്തിന്റെ ഉരുകാത്ത ചെമ്പുകമ്പിയിൽ കൊരുത്തിട്ട ബന്ധംമാത്രം. ജസ്റ്റിനുമായുള്ള ബന്ധത്തിലൂടെ അല്ലാതെ ഡാനിയങ്കിളുമായി എന്തടുപ്പമാണ്. താൻകാരണം ഇനിയുമൊരുപക്ഷേ ആങ്ങളയും പെങ്ങളും തമ്മിലടിച്ചേക്കാമെന്ന ചിന്ത ആനിയുടെ മനസിൽ ഭീതിയുടെ പടക്കത്തിനു തിരികൊളുത്തി. ഒരിക്കൽ വേർപെട്ടുപോയ രണ്ടു കുടുംബങ്ങൾ തിരികെച്ചേരുന്ന ഒരു കാലംവരെയെത്തിയിരിക്കുന്നു. താനതിന്റെ ഇടയിലേക്കു വീണാൽ വീണ്ടും രണ്ടു ധ്രുവങ്ങളിലേക്ക് അവർ അകന്നുപോകും. പിന്നെ ഒരുപക്ഷേ ഒരു കൂടിച്ചേരലുണ്ടായില്ലെന്നു വരും. ആ നിമിഷത്തിൽ ആശുപത്രി ഹോസ്റ്റലിലേക്കു താമസം മാറിയാലോ എന്ന് ആനി ആലോചിച്ചു.

അടുക്കാൻ തുടങ്ങുന്ന രണ്ടു കുടുംബങ്ങൾ വഴിപിരിഞ്ഞു പോകാതിരിക്കാൻ തനിക്കു മുൻപിൽ സ്നേഹത്തിന്റെ വാതിൽ തുറന്നവരെ ഉപേക്ഷിക്കാൻ അവൾ തയാറായിരുന്നു.

ബസ് അവൾക്കിറങ്ങേണ്ട സ്റ്റോപ്പിനടുത്തെത്താറായി. തല മുതൽ പാദംവരെ മൂടുന്ന കമ്പിളിയുടുപ്പിന്റെ സിബ് വലിച്ചിട്ടു. ചെറിയ ഞരക്കത്തോടെ ബസ് നിന്നു. അവളിറങ്ങി നടന്നു. ചെറുവെയിലിലും തണുപ്പിന്റെ കടുപ്പം കുറഞ്ഞിട്ടില്ല.

താമസം മാറുന്നതിനെക്കുറിച്ചു ഒറ്റയ്ക്കൊരു തീരുമാനമെടുക്കാനാവില്ല. ജോസ് പപ്പയോടു ചോദിച്ചാലോ. അവൾ മൊബൈലിൽ ജോസിനെ വിളിച്ചു ഗ്രേസി ആശുപത്രിയിൽ വന്നകാര്യം പറഞ്ഞു. ഒടുവിൽ അവിടെനിന്നു താമസംമാറാൻ താൻ ആഗ്രഹിക്കുന്ന കാര്യവും ജോസിനെ അറിയിച്ചു. സമ്മതിപ്പിക്കാൻ കുറെ കഷ്ടപ്പെടേണ്ടി വന്നു ആനിക്ക്.

'ഞാനൊന്ന് അളിയനുമായി സംസാരിക്കട്ടെ' എന്നുപറഞ്ഞ് ജോസ് ഫോൺവച്ചു.

വെയിൽ മങ്ങി. മഞ്ഞ് വീണ്ടും പെയ്യാനുള്ള വട്ടം കൂട്ടുന്നു. ആനി കാലുകൾ വലിച്ചുവച്ചു നടന്നു വീട്ടിലേക്ക്.

ഒരു ശനിയാഴ്ച പകൽ.

ഉച്ചഭക്ഷണത്തിനു ജോസുമുണ്ടായിരുന്നു. ജോസ് താമസിക്കുന്നിടത്ത് പ്രശ്നമൊന്നുമില്ലല്ലോ എന്ന ചോദ്യത്തിന്റെ മറുപടി പറയുമ്പോഴാണ് ആനിക്ക് ഇവിടുന്ന് മാറിത്താമസിക്കണമെന്നുണ്ടെന്ന കാര്യം ജോസ് വെളിപ്പെടുത്തിയത്. പറയരുതെന്ന് ആനി നിർദേശിച്ചിട്ടും ഗ്രേസി ആനിയെക്കാണാൻ ഹോസ്പിറ്റലിൽ ചെന്ന കാര്യവും ജോസ് പറഞ്ഞു.

ഏലിയാമ്മയാണ് പ്രശ്നത്തിൽ ആദ്യം ഇടപെട്ടത്.

'നിന്നെ അങ്ങനെ ഒറ്റയ്ക്ക് താമസിക്കാനൊന്നും ഞങ്ങള് വിടുകേല. ഇനി നിനക്ക് ഈ അമ്മയെ വിട്ടുപോകണമെന്നുണ്ടെങ്കിൽ....' ഏലിയാമ്മയുടെ സ്വരം പാതിവഴിയിലിടറി.

'ഗ്രേസി പറയുന്നത് മോള് കാര്യമാക്കേണ്ട. അവളങ്ങനെയേ പറയൂ.'

'അല്ല ഇതിന്റെ പേരിലിനീം അളിയനും ഗ്രേസിയുമായിട്ട് ഒരു....'

ജോസ് ആനിയുടെ പക്ഷംപിടിക്കാനെത്തി.

തനിക്കു മുൻപിലിരുന്ന ഗ്ലാസിലേക്ക് വെള്ളം പകർന്നുകൊണ്ട് ഡാനി പറഞ്ഞു.

'ജോസെ തനിക്കെല്ലാം അറിയാമല്ലോ. അവൾ എന്റെ പെങ്ങളാണെന്നകാര്യം ഞാൻ പണ്ടേ വിട്ടുകളഞ്ഞതാ

ണ്.' ഡാനിയുടെ മുഖത്ത് ഗൗരവമായിരുന്നു.

'അളിയാ ഞാൻ പറഞ്ഞത്...'

ഡാനി കയ്യുയർത്തി ജോസിന്റെ വാക്കുകളെ വിലക്കി.

'ജോസേ, സ്നേഹത്തിനാണ് ഞാൻ വില കൊടുക്കുന്നത്. സ്നേഹത്തിന്റെ മുഖംമൂടിയണിഞ്ഞ ബന്ധങ്ങളിൽ എനിക്കു വിശ്വാസമില്ല.' ഡാനി ഊണുമതിയാക്കി എഴുന്നേറ്റു.

'ഇനി ഇതിന്റെ പേരിൽ തർക്കമൊന്നും വേണ്ട. ആനി ഇവിടുന്ന് എങ്ങും പോകുന്നില്ല.'

ഏലിയാമ്മ പറഞ്ഞു.

വാഷ് ബെയ്സനിൽ കൈ കഴുകികൊണ്ടു നിൽക്കുമ്പോൾ ഡാനി ആനിയോടു ചോദിച്ചു.

'ആനിമോളെ ഇത് ഇന്ത്യയൊന്നുമല്ല. ഇവിടെ ആർക്കും ആരെയും ഭീഷണിപ്പെടുത്താനോ ഉപദ്രവിക്കാനോ പറ്റില്ല. ഇവിടെ താമസിക്കുന്നതിൽ മോൾക്കെന്തെങ്കിലും ബുദ്ധിമുട്ടുണ്ടോ?'

ആനി ഏലിയാമ്മയെ നോക്കി. ഒരമ്മയെപ്പോലെ സ്നേഹിക്കുന്ന ഇവരെ തനിച്ചാക്കി എങ്ങനെ ഇറങ്ങിപ്പോകും. ഈ അമ്മയെ വിട്ടു പോകാമെന്നുണ്ടെങ്കിൽ എന്നാണ് പറഞ്ഞത്.

'ഇല്ല ഞാൻ പോകുന്നില്ല.' ആനി പൊടുന്നനെ പറഞ്ഞു. അങ്കിളും ആന്റീം പറയാതെ ഞാൻ ഇവിടുന്ന് പോകില്ല. ഏലിയാമ്മയുടെ മുഖത്ത് ആശ്വാസത്തിന്റെ ഒരു നുറുങ്ങുവെട്ടം വീണു.

ഒരു പുഞ്ചിരിയോടെ ഡാനി പറഞ്ഞു.

'കണ്ടോ ജോസേ, അനുസരണയുള്ള മക്കൾ മാതാപിതാക്കളുടെ മനസറിയും. അവൾ ഇവിടുന്ന് പോകുന്നില്ല. എന്താ ജോസിന് സങ്കടമുണ്ടോ. സങ്കടത്തിന് പറ്റിയ മരുന്നുണ്ട് വാ.' ഡാനി തള്ളവിരലും ചൂണ്ടുവിരലും ചേർത്ത് മദ്യപിക്കുന്നതിന്റെ ആംഗ്യം കാണിച്ചു. എല്ലാവരും ഒരു ചിരിയിലേക്ക് ഊർന്നിറങ്ങി.

ഡാനിയും ജോസും പുറത്തേക്കിറങ്ങി. പാത്രങ്ങൾ അടുക്കളയിലേക്ക് എടുത്തുവച്ചിട്ട് ഏലിയാമ്മ ടി.വി. ഓൺ ചെയ്തു. ആനിയും ഏലിയാമ്മയ്ക്കൊപ്പമിരുന്നു.

അവർക്കൊപ്പം ഇരിക്കാനും അവളുടെ നിഴലുപോലെ കൂടെ നടക്കാനും ആനി ഏറെ ഇഷ്ടപ്പെട്ടു. തന്റെ അമ്മയുടെ മുഖമാണ് ഏലിയാമ്മ ആന്റിക്ക്. കാലം തനിക്കു നഷ്ടപ്പെടുത്തിയ അമ്മയുടെ വാത്സല്യവും സ്നേഹവും ഈ അമ്മയിലൂടെ ദൈവം തനിക്കു തിരിച്ചു തരികയാണെന്നു തോന്നി.

'എന്തുപറ്റി മോളെ.'

ആനി തന്നെ ഉറ്റുനോക്കിയിരിക്കുന്നതു കണ്ട് ഏലിയാമ്മ ചോദിച്ചു.

പൊട്ടിവന്ന ഒരു കരച്ചിൽ പിടിച്ചുനിർത്താൻ ആനിക്കായില്ല.

'അമ്മേ...' ആനി ഏലിയാമ്മയെ നോക്കി വിളിച്ചു.

അവരുടെ മുഖം ചുവന്നു. കണ്ണുകളിൽ ഒരു കടൽ തിരയടിച്ചു.

ഏലിയാമ്മ ആനിയെ മാറോടു ചേർത്തുപിടിച്ചു. മഴ നനഞ്ഞ ഒരു കിളിക്കുഞ്ഞായി ആനി അവളുടെ ചിറകിന്റെ ചൂടിലഭയമാർന്ന് അമർന്നു. കണ്ണീരിന് സ്നേഹത്തിന്റെ ഉപ്പായിരുന്നു.

മുറിക്കുള്ളിലെ കോളിംഗ് ബെൽ ചിലക്കുന്നതു കേട്ടാണ് ആനി ഞെട്ടിയുണർന്നത്. ഏലിയാമ്മ ആന്റിയുടെ മടിയിൽ തലവച്ചുകിടന്നുറങ്ങിപ്പോയി. ആനി ഉണർന്നു ചുറ്റുംനോക്കി. പെയ്തൊഴിഞ്ഞ കണ്ണീരിന്റെ ആർദ്രത അവളുടെ കണ്ണുകളെ കനം വയ്പിച്ചിരുന്നു.

'മോനിക്കയും സിബിനുമായിരിക്കും. ആ കതകു തുറക്കുമോളേ.' ഏലിയാമ്മ പറഞ്ഞു.

ആനി കതകിനടുത്തേക്കു നടന്നു. കതകു തുറന്നു.

ആനിയുടെ മുഖം ഭയത്തിന്റെ കാട്ടുതീയിൽ വെന്തു. ഹൃദയസ്പന്ദനങ്ങൾക്ക് കല്ലു പൊട്ടിക്കുന്ന കൂടത്തിന്റെ ഭാരമുണ്ടായിരുന്നു. പുറത്തു നിൽക്കുന്നയാളെ ആനി മിഴിച്ചു നോക്കിനിന്നു.

(തുടരും.......)